കാണുന്നത്. അതിനുശേഷം ഞാൻ അങ്ങേയ്ക്ക് പരാതി തന്നു. പരാതി തന്നതനുസരിച്ച് ഞാൻ മനസ്സിലാക്കിയിടത്തോളം അങ്ങ് ഇടപെട്ടു. മന്ത്രി ആ പരിപാടിയിൽ പങ്കെടുത്തില്ല. പക്ഷേ നിർഭാഗ്യവശാൽ അവിടെ മന്ത്രി ഇല്ലാതെ, എം.എൽ.എ. ഇല്ലാതെ മുനിസിപ്പൽ ചെയർമാൻ ഉദ്ഘാടനം നടത്തി. ആ പരിപാടി അവിടെ ഉദ്യോഗസ്ഥന്മാർ നടത്തുന്ന സാഹചര്യം ഉണ്ടായി. നിയമസഭയോടു കാണിക്കുന്ന ഇത്രയും വലിയ അവഹേളനം, സഭാംഗത്തോട് കാണിക്കുന്ന അവഹേളനമാണ്. പല പ്രാവശ്യം ഇത് ശ്രദ്ധയിൽപ്പെടുത്തിയതാണ്. ഇവിടെ ഞങ്ങളൊക്കെ കുറച്ചുകാലം ഇരുന്നിട്ടുണ്ട്. എം.എൽ.എ. മാരെ പങ്കെടുപ്പിക്കണമെന്നുള്ളത് സ്വാഭാവികമായ കാര്യമാണ്. മന്ത്രിമാർ പലരും അത് കാണിക്കാറില്ല. എം.എൽ.എ. മാർ പങ്കെടുക്കണമെന്ന നിർബന്ധം അവർക്കില്ല. ഇത് പലപ്പോഴായിട്ടില്ല. പല കീഴ്‌വഴക്കങ്ങളും ......(മൈക്ക് ഓഫ്)...... മുൻപൊക്കെ എം.എൽ.എ. മാരുടെ സൗകര്യംപോലും മനസ്സിലാക്കുമായിരുന്നു. ഇത് സ്വന്തം നിയോജകമണ്ഡലത്തിലാണ്. നിയമസഭ നടക്കുമ്പോൾപോലും എം.എൽ.എ. യെ പങ്കെടുപ്പിക്കാതിരിക്കാൻ പരിപാടി നടത്തുക എന്നു പറഞ്ഞാൽ..........(മൈക്ക് ഓഫ്)...........

## VI റൂളിംഗ്

മി. സ്പീക്കർ: ഇത് പല പ്രാവശ്യം പറഞ്ഞിട്ടുള്ളതാണ്. ചെയർ തന്നെ റൂളിംഗ് നൽകിയിട്ടുള്ളതാണ്. ഇത്തരം കാര്യങ്ങൾ ആവർത്തിക്കാതിരിക്കാൻ ശക്തമായിട്ടുള്ള നടപടി സ്വീകരിക്കുന്നതാണ്.

## VII റിപ്പോർട്ട് സമർപ്പണം

### (1) പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ 57 മുതൽ 68 വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: സർ, പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ 57 മുതൽ 68 വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

### (2) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 21-ാമത് റിപ്പോർട്ട്

ശ്രീ. എൻ. അനിരുദ്ധൻ: സർ, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ കമ്മിറ്റിയുടെ 21-ാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

## VIII റൂൾ 300 അനുസരിച്ചുള്ള പ്രസ്താവന

### വെള്ളക്കരം പുനർനിർണ്ണയം

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): സർ, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 300 പ്രകാരം നടത്തുന്ന പ്രസ്താവന.

LIBRARY ARCHIVES Kerala Legislative Assembly